(ഡി) പദ്ധതി പ്രവർത്തനക്ഷമമല്ലാതായ കാലയളവിലെ വൈദ്യുതി കുടിയ നിരക്കിൽ കണക്കാക്കിയാൽ എത്ര കോടി രൂപയുടേതായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്രയും തുക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരിൽനിന്നും ഈടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 50 മെഗാവാട്ട്.

(ബി) മഴക്കാലത്ത് കക്കയം റിസർവോയറിൽ അധികമായി വരുന്ന ജലം ഉപയോഗപ്പെടുത്താനാണ് കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മഴക്കാലമൊഴിച്ചാൽ ഈ പദ്ധതിക്ക് നീരൊഴുക്കുമായി നേരിട്ടു ബന്ധമില്ല. വൈദ്യുതി ഉപഭോഗത്തിന്റെ ആവശ്യാനുസരണം ഈ പദ്ധതിയിൽനിന്നും ഉൽപ്പാദനം നടത്തുന്നു.

(സി) — (ഇ) ചോദ്യം ഉദിക്കുന്നില്ല.

കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുത പദ്ധതി ചർച്ചകൾ

34 [2784] *ശ്രീ വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി എക്സ്റ്റൻഷൻ വൈദ്യുതപദ്ധതിയുടെ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ ബോർഡിനുവേണ്ടി ഇന്ത്യക്കുപുറത്ത് നടന്നിരുന്നുവോ;

(ബി) ഏത് രാജ്യത്ത് ആരുമായിട്ടാണ് ചർച്ച നടത്തിയിരുന്നത്; ഏതെല്ലാം തീയതികളിലായിരുന്നു;

(സി) ചർച്ചകൾക്കായി ആരൊക്കെയാണ് വിദേശത്ത് പോയിട്ടുണ്ടായിരുന്നത്; അതിൽ മന്ത്രിമാർ ഉൾപ്പെട്ടിരുന്നുവോ എന്നറിയിക്കാമോ?

ഉത്തരം

(എ) നടന്നിരുന്നു.

(ബി) & (സി) 6-10-1995-ൽ കാനഡയിൽ നടത്തിയ ചർച്ചകളിൽ അന്നത്തെ വൈദ്യുതി മന്ത്രി ശ്രീ. ജി. കാർത്തികേയൻ, ശ്രീ. ആർ. സി. ചൗധരി, കമ്മീഷണർ ആന്റ് സെക്രട്ടറി (വ്യവസായവും, വിദ്യുച്ഛക്തിയും) ശ്രീ. ആർ. ശിവദാസൻ, ചെയർമാൻ, കെ. എസ്. ഇ. ബി. എന്നിവർ പങ്കെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly